**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1251** **08.02.2013-ലെ മറുപടിക്ക്**

**കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശം ലഭ്യമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. അടൂർപ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) | നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | 14.06.2011, 04.10.2012 തീയതികളിലെ സർക്കാരിന്റെ 63825/എൻ1/05 നമ്പർ കത്തുകൾ പ്രകാരം സൗകര്യാവകാശത്തിനുള്ള കാരായ്മ കേസ്സുകൾ ഭൂപരിഷ്കരണ നിയമം 16/89 പ്രകാരം നടപടികൾ സ്വീകരിക്കുവാൻ ലാന്റ് ബോർഡ് സെക്രട്ടറിയ്ക്കും ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം കാരായ്മ കേസ്സുകളിൽ കക്ഷികൾ ഹാജരാകുന്ന മുറയ്ക്ക് വിചാരണ നടത്തി കേരള ഭൂപരിഷ്കരണ നിയമ ഭേദഗതി 16/89 ന് അനുസരണമായി തീർപ്പ് കല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ